# അനുബന്ധങ്ങൾ

# അനുബന്ധം-1

# നാടൻ പാട്ടുകൾ

# നാടൻപാട്ട്

1. തായിത്ത തിന്താരോ

തിനതിന്തി താനതിന്താരോ (2)

വേല വണ്ടി വരുന്നേ പെണ്ണുങ്ങളെ

പമ്പരം പോലെ നില്ല്

പമ്പരം പോലെ നിന്നാൽ

സായിപ്പ് ചമ്പളം കൂട്ടിത്തരും (2)

(തായിത്ത.................)

വേലവണ്ടിക്കു പിന്നിൽ

വരുന്നൊരാ കുക്കുടൻ വണ്ടിയുണ്ടേ

കുക്കുടൻ വണ്ടി കണ്ടാൽ

നെനയ്ക്കണം സായിപ്പിന്റാളു വന്നേ .............

(തായിത്ത .............)

2. കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണെ കുയിലാളെ

കൊട്ടുവേണം കുഴൽ വേണം കുരവ വേണം

വരവേൽക്കാനാളുവേണം

കൊടി തോരണങ്ങൾ വേണം

വിജയ ശ്രീലാളിതനായ് വരുന്നു

ഓ തിത്തിത്താരാ തിത്തിത്തൈയ്യ് തിത്തൈയ്

തക തെയ് തെയ്തോ

കറുത്ത ചിറകുവെച്ചോരരയന്നക്കിളി പോലെ

കുതിച്ചു കുതിച്ചു പായും കുതിര പോലെ

തോൽവിയെന്തെന്നറിയാത്ത

തല താഴ്ത്താനറിയാത്ത കാവാലം ചുണ്ടനിതാ ജയിച്ചു വന്നേ

പമ്പയിലെ പൊന്നോളങ്ങൾ ഓടി വന്നു പുണരുന്നു

തങ്കവെയിൽ നെറ്റിയിൻമേൽ പൊട്ടുകുത്തുന്നു

തെങ്ങോലകൾ പൊന്നോലകൾ മാടി മാടി വിളിക്കുന്നു

തെന്നൽ വന്നു വെഞ്ചാമരം വീശിത്തരുന്നു
ഓ തിത്തിത്താരാ തിത്തിത്തെയ്യ് തിത്തെയ്..............
തക തെയ് തെയ്തോ

3. ആലായാൽ തറ വേണം അടുത്തൊരമ്പലം വേണം
ആലിന്നു ചേർന്നൊരു കുളവും വേണം (ആലായാൽ)
കുളിപ്പാനായ് കുളം വേണം കുളത്തിൽ ചെന്താമര വേണം
കുളിച്ചു ചെന്നകം പൂകാൻ ചന്ദനം വേണം ..... (കുളിപ്പാനായ്)

(ആലായാൽ)

പൂവായാൽ മണം വേണം പൂമാനായാൽ ഗുണം വേണം
പൂമാമിനിമാർഗളായാൽ അടക്കം വേണം ..... (പൂവായാൽ)
നാടായാൽ നൃപൻ വേണം അരികിൽ മന്ത്രിമാർ വേണം
നാടിന്നു ഗുണമുള്ള പ്രജകൾ വേണം ..... (നാടായാൽ)
(ആലായാൽ)

*****

## അനുബന്ധം–2

# നാടകഗാനങ്ങൾ

# സിനിമാഗാനങ്ങൾ

## അനുബന്ധം–2 നാടകഗാനങ്ങൾ

1. ഇല്ലിമുളം കാടുകളിൽ ലല്ലലം പാടിവരും
തെന്നലേ തെന്നലേ
അല്ലി മലർക്കാവുകളിൽ വള്ളികളിലൂയലാടും
തെന്നലേ തെന്നലേ
വെയിൽ നിന്നു വിളയാടും നിഴലില്ലാ നിലമാണേ
നിവരാനും നേരമില്ല തെന്നലേ
ഇളവില്ലാ വേല ചെയ്തു തളരുന്ന നേരമാണേ
ഇതുവഴി പോരുമോ നീ തെന്നലേ തെന്നലേ
അണിയുവാൻ തൂവേർപ്പിൻ മണിമാല തന്നേക്കാം
അണയൂ നീ കനിവോലും തെന്നലേ.............

2. മധുരിക്കും ഓർമ്മകളെ
മലർ മഞ്ചൽ കൊണ്ടു വരൂ
കൊണ്ടുപോകു ഞങ്ങളെയാ മാഞ്ചുവട്ടിൽ
ഇടനെഞ്ചിൽ താളമോടെ
നെടുവീർപ്പിൻ മൂളലോടെ (2)
മലർ മഞ്ചൽ തോളിലേറ്റി പോവുകില്ലേ
ഓ................. (മധുരിക്കും............)

ഒരു കുമ്പിൾമണ്ണു കൊണ്ട് വീടു വയ്ക്കാം
ഒരു തുമ്പപൂകൊണ്ട് വിരുന്നൊരുക്കാം
ഒരു നല്ല മാങ്കനിയായ് മണ്ണിൽ വീഴാം
ഒരു കാറ്റിൻ കനിവിന്നായ് പാട്ടുപാടാം

3. അമ്പിളി അമ്മാവാ താമരക്കുമ്പിളിലെന്തൊണ്ട്
അമ്പിളി അമ്മാവാ താമരക്കുമ്പിളിലെന്തൊണ്ട്
കുമ്പിട്ടിരിപ്പാണോ മാനത്തെ
കൊമ്പനാനപ്പുറത്ത്
താമരക്കുമ്പിളുമായ് അമ്മാവൻ താഴോട്ടു പോരാമോ
പാവങ്ങളാണേലും ഞങ്ങളു പായസച്ചോറുതരാം
പായസച്ചോറു തന്നാൽ ഞങ്ങള് പാടിയുറക്കുമല്ലോ.....
അമ്പിളി അമ്മാവാ താമരക്കുമ്പിളിലെന്തൊണ്ട്

4. തലയ്ക്കുമീതെ ശൂന്യാകാശം താഴെ മരുഭൂമി
തപസ്സുചെയ്യും വേഴാമ്പൽ ഞാൻ
ദാഹജലം തരുമോ ദാഹജലം തരുമോ
അഴലിൻ പഞ്ചാഗ്നി നടുവിൽ
അഞ്ചിന്ദ്രിയങ്ങളും പുകയുമ്പോൾ
തൊഴു കൈക്കുടന്നയിൽ ആത്മാവിനിത്തിരി
തീർത്ഥജലം തരുമോ തീർത്ഥജലം തരുമോ
മരണം വാതിൽക്കലൊരുനാൾ
മഞ്ചലുമായ് വന്നു നിൽക്കുമ്പോൾ
ചിറകടിച്ചെൻ കൂടുതകരും നേരം
ജീവജലം തരുമോ ജീവജലം തരുമോ...

5. മാരിവില്ലിൻ തേന്മലരേ മാഞ്ഞുപോകയോ
മാഞ്ഞുപോകയോ
നീളെ നീളെ പാടങ്ങളെല്ലാം കൊതി തുള്ളി നിൽക്കവേ
കൊതി തുള്ളി നിൽക്കവേ
തേന്മഴ തൂകാൻ ഉൾകുളിർ പാകാൻ
നീ വരില്ലേ നീ വരില്ലേ നീ
കടലിൽ നിന്നൊരു കുമ്പിൾ വെള്ളവുമായി
കരിമുകിൽ മാനത്തുവന്നു
മിഴി നട്ടുനിന്നൊരു മാടത്തിൻ മാറിൽ
അഴകുറ്റ സ്വപ്നങ്ങൾ പൂത്തു.

## സിനിമാഗാനങ്ങൾ

1. നാളികേരത്തിന്റെ നാട്ടിലെനിക്കൊരു
നാഴിയിടങ്ങഴി മണ്ണുണ്ട്
നാഴിയിടങ്ങഴി മണ്ണുണ്ട്
അതിൽ നാരായണക്കിളി
കൂടുപോലുള്ളോരു
നാലുകാലോല പുരയുണ്ട്
നാലുകാലോലപുരയുണ്ട്.
നോമ്പുനോറ്റെന്നെ കാത്തിരിക്കും
വാഴക്കൂമ്പുപോലുള്ളൊരു പെണ്ണുണ്ട്
ചാമ്പയ്ക്ക ചുണ്ടുള്ള ചന്ദനകവിളുള്ള
ചാട്ടുളി കണ്ണുള്ള പെണ്ണുണ്ട് (നാളികേരത്തിന്റെ ...............)
വലിയ പെരുന്നാളു വന്നപ്പോളന്നൊരു
വെള്ളിനിലാവുള്ള രാത്രിയിൽ
കല്ലുവെട്ടാങ്കുഴിക്കരെ വെച്ചെന്നോടുള്ളു
തുറന്നതിൻ ശേഷമേ ................

2. കരയുന്നോ പുഴ ചിരിക്കുന്നോ
കരയുന്നോ പുഴ ചിരിക്കുന്നോ
കണ്ണീരുമൊലിപ്പിച്ചു കൈവഴികൾ പിരിയുമ്പോൾ
കരയുന്നോ പുഴ ചിരിക്കുന്നോ
ഒരുമിച്ചു ചേർന്നുള്ള കരളുകൾ വേർപെടുമ്പോൾ
മുറുകുന്നോ ബന്ധം അഴിയുന്നോ
കദനത്താൽ തേങ്ങുന്ന ഹൃദയവുമായി
കരങ്ങളിൽ തലതല്ലും ഓളങ്ങളെ ...........

3. എല്ലാരും ചൊല്ലണ് - എല്ലാരും ചൊല്ലണ്
കല്ലാണീ നെഞ്ചിലെന്ന് - കരിങ്കല്ലാണ്
കരിങ്കല്ലാണീ നെഞ്ചിലെന്ന് ..........................
ഞാനൊന്നു തൊട്ടപ്പോൾ നീലക്കരിമ്പിന്റെ
തുണ്ടാണു കണ്ടതയ്യാ - ചക്കര
തുണ്ടാണു കണ്ടതയ്യാ .......................
നാടാകെ ചൊല്ലണ് നാട്ടാരും ചൊല്ലണ്
കാടാണി കരളിലെന്ന് ................ കൊടും കാടാണ്
കൊടും കാടാണി കരളിലെന്ന്

4. കദളിവാഴ കയ്യിലിരുന്ന് കാക്കയിന്നു വിരുന്നുവിളിച്ചു
വിരുന്നുകാരാ വിരുന്നുകാരാ വന്നാട്ടെ
മാരനാണ് വരുന്നതെങ്കിൽ മധുരപ്പത്തിരി വയ്ക്കേണം
മാവുവേണം വെണ്ണവേണം
പൂവാലിപ്പശുവേ പാൽ തരേണം
സുന്ദരനാണ് വരുന്നതെങ്കിൽ
സുറുമയിത്തിരി എഴുതേണം
കാപ്പുവേണം കാൽത്തളവേണം
കസവിൻ തട്ടം മേലിടണം.

10. കരിമുകിൽ കാട്ടിലെ രജനിതൻ വീട്ടിലെ
കനകാംബരങ്ങൾ വാടി
കടത്തുവള്ളം യാത്രയായി....
കരയിൽ നീ മാത്രമായി
ഇനിയെന്നു കാണും നമ്മൾ
തിരമാല മെല്ലെ ചൊല്ലി
ചക്രവാളമാകെ നിന്റെ
ഗദ്ഗദം മുഴങ്ങീടുന്നു.

11. പെരിയാറേ പെരിയാറേ
പർവ്വതനിരയുടെ പനിനീരേ
കുളിരും കൊണ്ട് കുണുങ്ങി നടക്കും
മലയാളിപ്പെണ്ണാണു നീ
ഒരു മലയാളിപ്പെണ്ണാണു നീ
മയിലാടും കുന്നിൽ പിറന്നോ
പിന്നെ മയിലാഞ്ചികാട്ടിൽ മറഞ്ഞൊ
നഗരം കാണാത്ത നാണം മാറാത്ത
നാടൻ പെണ്ണാണു നീ.

****

# അനുബന്ധം-3

# കവിതകൾ

**അനുബന്ധം – 3**

# കവിതകൾ

## 1. 'ഇന്നു ഞാൻ, നാളെ നീ'

'ഇന്നു ഞാൻ, നാളെ നീ, ഇന്നു ഞാൻ, നാളെ നീ'
ഇന്നും പ്രതിധ്വനിക്കുന്നിതെന്നോർമ്മയിൽ!

പാതവക്കത്തെ മരത്തിൻ കരിനിഴൽ
പ്രേതംകണക്കെ ക്ഷണത്താൽ വളരവേ,

എത്രയും പേടിച്ചരണ്ട ചില ശുഷ്ക–
പത്രങ്ങൾ മോഹംകലർന്നു പതിക്കവേ,

ആസന്നമൃത്യുവാം നിശ്ചേഷ്ടമാരുതൻ
ശ്വാസമിടയ്ക്കിടയ്ക്കാഞ്ഞു വലിക്കവേ,

താരകരത്നഖചിതമാം പട്ടിനാൽ
പാരമലംകൃതമായ വിൺപെട്ടിയിൽ

ചത്ത പകലിൻ ശവം വച്ചെടുപ്പതി–
നാത്തമൗനം നാലുദിക്കുകൾ നില്ക്കവേ,

തൻപിതാവിൻ ശവപ്പെട്ടിമേൽ ചുംബിച്ചു
കമ്പിതഗാത്രിയായന്തി മൂർച്ഛിക്കവേ,

ജീവിതംപോലെ രണ്ടറ്റവും കാണാത്തൊ–
രാ വഴിയിങ്കൽ തനിച്ചു ഞാൻ നിന്നുപോയ്.

പക്ഷികൾ പാടിയി, ല്ലാടിയില്ലാലില,
യിക്ഷിതിതന്നെ മരവിച്ചപോലെയായ്.

അന്തികത്തുള്ളൊരു പള്ളിയിൽനിന്നുടൻ
പൊന്തി 'ണാം''ണാ'മെന്നു ദീനമണിസ്വനം.

രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ–
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പൊഴും

മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്കു–
മേകമുഖമാം കുരിശിനെ മുത്തുവാൻ

ആരാലിറങ്ങിവരും ചില 'മാലാഖ'–
മാരായ്‌വരാം കണ്ട വെൺമുകിൽത്തുണ്ടുകൾ.

പാപം ഹരിച്ചു പാരിന്നു വിണ്ണേറുവാൻ
പാത കാണിക്കും കുരിശേ, ജയിക്കുക!

ആ വഴിക്കപ്പോളൊരു ദരിദ്രന്റെ നിർ–
ജ്ജീവമാം ദേഹമടക്കിയ പെട്ടി പോയ്.

ഇല്ലാ പെരുമ്പറ, ശുദ്ധയാം വിശ്വസ്ത–
വല്ലഭതന്നുടെ നെഞ്ചിടിപ്പെന്നിയേ!

ഇല്ല പൂവർഷം, വിഷാദം കിടന്നല–
തല്ലുന്ന പൈതലിൻ കണ്ണുനീരെന്നിയേ!

വന്നു തറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ–
നിന്നുമാറക്ഷരം, 'ഇന്നു ഞാൻ, നാളെ നീ.'

ഒന്നു നടുങ്ങി ഞാ,നാ നടുക്കംതന്നെ
മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പൊഴും!

**2. താടകയെന്ന ദ്രാവിഡ രാജകുമാരി**

വിന്ധ്യശൈലത്തിൻെറ താഴ്‌വരയിൽ നിശാ-
ഗന്ധികൾ മൊട്ടിടും ഫാൽഗുനസന്ധ്യയിൽ,

പാർവതീപൂജയ്ക്കു പൂനുള്ളുവാൻ വന്ന
ദ്രാവിഡരാജകുമാരിയാം താടക

താമരച്ചോലകൾക്കക്കരെ, ഭാർഗ്ഗവ-
രാമൻ തെളിച്ചിട്ട സഞ്ചാരവീഥിയിൽ

കണ്ടു ശ്രീരാമനെ —യേതോ തപോധനൻ
കൊണ്ടുനടക്കുന്ന കാമസ്വരൂപനെ.

സ്ത്രീഹൃദയത്തിനുന്മാദമുണർത്തുമാ
മോഹനഗോപാംഗഭംഗി നുകർന്നവൾ

കണ്ണെടുക്കാതൊരഭൗമരോമാഞ്ചമായ്
നിന്നാൾ സലജ്ജം, സകാമം, സവിസ്മയം.

രാജീവപുഷ്പശരങ്ങളേററാദ്യമായ്
രാമനിൽ മോഹം തുടിച്ചുണർന്നീടവേ

താടിതടവിച്ചിരിച്ചു ചൊല്ലീ മുനി:
"താടകയെന്ന നിശാചരിയാണവൾ..."

ആര്യ ഗോത്രത്തലവന്മാ — രനുചര-
ന്മാരുമായ് ദക്ഷിണഭാരതഭൂമിയിൽ

സംഘങ്ങൾ സംഘങ്ങളായ് വന്നു, സംസ്കാര-
സംഹിതയാകെ തിരുത്തിക്കുറിച്ചനാൾ —

വാമനന്മാരുമായ് വിരുന്നുവന്നീദ്ദാന-
ഭൂമിയിൽ യാഗപശുക്കളെ മേച്ചനാൾ

ദ്രാവിഡരാജാധിരാജകിരീടങ്ങ-
ളീ മണ്ണിലിട്ടു ചവുട്ടിയുടച്ചനാൾ,

വിശ്വമാതൃത്വത്തെ വേദമഴുവിനാൽ
വെട്ടി പുരോഹിതപാദത്തിൽ വച്ചനാൾ

ആദ്യമാ,യാര്യവംശാധിപത്യത്തിനെ-
യാട്ടിയകററിയ രാജകുമാരിയെ—

താടകയെ — ക്കണ്ടു കോപാരുണങ്ങളായ്
താടിവളർത്തും തപസ്വിതൻ കണ്ണുകൾ!

ചിത്രശിലാതലങ്ങൾക്കു മീതെ, മലർ-
മെത്ത വിരിക്കും, സുരഭിയാം തെന്നലിൽ,

ആ രാത്രി സ്വപ്നവും കണ്ടു വനനദീ-
തീരത്തു ശ്രീരാമചന്ദ്രനുറങ്ങവേ,

കാട്ടിലൂടൊച്ചയുണ്ടാക്കാതനങ്ങാതെ,-
യോട്ടുവളകൾ കിലുങ്ങാതെയേകയായ്

ദാശരഥിതന്നരികത്തനുരാഗ-
ദാഹപരവശയായ് വന്നു താടക,

ഞാൺവടുവാർന്ന യുവാവിൻെറ കൈകളിൽ
തോൾവരെയെത്തിക്കിടന്ന കാർകൂന്തലിൽ —

ഹേമാംഗകങ്ങളിൽ, താടകതൻ തളിർ-
ത്താമരമൊട്ടിളംകൈവിരലോടവേ,

അജ്ഞാതമേതോ മധുരാനുഭൂതിയിൽ
അർദ്ധസുപ്താന്തർവികാരമുണരവേ

ആദ്യത്തെ മാദകചുംബനത്തിൽത്തന്നെ
പൂത്തു വിടർന്നുപോയ് രാമൻെറ കണ്ണുകൾ

മുത്തു കിലുങ്ങും സ്വരവുമായ് ചോദിച്ചു
മുഗ്ദ്ധാനുരാഗവിവശയായ് താടക:

"ആര്യവംശത്തിന്നടിയറവയ്ക്കുമോ
സൂര്യവംശത്തിൻെറ സ്വർണ്ണസിംഹാസനം?"

ചുററുമുറങ്ങിക്കിടന്ന മഹർഷിമാർ
ഞെട്ടിയുണർന്നു, നിശ്ശബ്ദയായ് പെൺകൊടി;

യജ്ഞകുണ്ഡത്തിന്നരികിൽ വിശ്വാമിത്ര-
ഗർജ്ജനം കേട്ടു; നടുങ്ങി വിന്ധ്യാടവി:

"വില്ലുകുലയ്ക്കൂ ശരംതൊടുക്കൂ—രാമ,
കൊല്ലൂ; നിശാചരി താടകയാണവൾ!

പാതിവിടർന്നില്ലതിനു മുമ്പേതന്നെ
പ്രാണഹർഷങ്ങൾ കൊഴിയുന്ന കൈകളിൽ

അമ്പെടുത്തിട്ടും തൊടുക്കുവാനാവാതെ
കമ്പിതഗാത്രനായ് നിന്ന ശ്രീരാമനെ

ക്രുദ്ധനായ് നോക്കിപ്പറഞ്ഞു വിശ്വാമിത്ര,-
നസ്ത്രമയയ്ക്കൂ, വധിക്കൂ, പിശാചിനെ!..."

ആദ്യമായ് രാമന്റെ മന്മഥാസ്ത്രം മാല-
ചാർത്തിയ രാജകുമാരിതൻ ഹൃത്തടം

മറ്റൊരസ്ത്രത്താൽ തകർന്നുപോയ് — സ്തബ്ധനായ്
പുത്രീവിയോഗവ്യഥയിൽ വിന്ധ്യാചലം!

*അനുബന്ധം:*

കോടികോടി പുരുഷാന്തരങ്ങൾ, മുത്തു-
ചൂടിച്ച സംസ്കാരചക്രവാളങ്ങളെ

ആര്യപൗരോഹിത്യരാഷ്ട്രീയമായിര-
മായിരം സ്ത്രീമേധയാഗഹോമങ്ങളാൽ

എത്ര ധൂമാവൃതമാക്കീ; ചരിത്രത്തി-
നെത്രനാൾ ബാഷ്പാകുലങ്ങളായ് കണ്ണുകൾ —

തൂലികകൊണ്ടാക്കറുത്ത ധൂമത്തിര-
ശ്ശീല കീറട്ടെ ചരിത്രവിദ്യാർത്ഥികൾ.

**(വയലാർ രാമവർമ്മ)**

### 3. <u>വാഴക്കുല</u>

# വാഴക്കുല

മലയപ്പുലയനാ മാടത്തിൻ മുറ്റത്തു
മഴവന്ന നാളൊരു വാഴ നട്ടു.

മനതാരിലാശകൾ പോലതിലോരോരോ
മരതകക്കൂമ്പു പൊടിച്ചുവന്നു.

അരുമക്കിടാങ്ങളിലൊന്നായതിനേയു-
മഴകിപ്പുലക്കള്ളിയോമനിച്ചു.

മഴയെല്ലാം പോയപ്പോൾ, മാനം തെളിഞ്ഞപ്പോൾ
മലയൻെറ മാടത്ത പാട്ടുപാടി,

മരമെല്ലാം പൂത്തപ്പോൾ, കുളിർകാറ്റു വന്നപ്പോൾ
മലയൻെറ മാടവും പൂക്കൾ ചൂടി,

വയലിൽ വിരിപ്പു വിതയ്ക്കേണ്ട കാലമായ്
വളരെപ്പണിപ്പാടു വന്നുകൂടി

ഉഴുകുവാൻ രാവിലെ പോകും മലയനു-
മഴകിയും - പോരുമ്പോളന്തിയാവും

ചെറുവാഴത്തയ്യിനു വെള്ളമൊഴിക്കുവാൻ
മറവി പറ്റാറില്ലവർക്കു ചെറ്റും.

അനുദിനമങ്ങനെ ശുശ്രൂഷചെയ്കയാ-
ലതു വേഗവേഗം വളർന്നു വന്നു.

അജപാല ബാലനിൽ ഗ്രാമീണബാലത-
ന്നനുരാഗകന്ദളമെന്നപോലെ!

പകലൊക്കെപ്പൈതങ്ങളാവാഴത്തൈത്തണൽ-
പ്പർവതാനിക്കുമേൽ ചെന്നിരിക്കും.

പൊരിയും വയറുമായുച്ചക്കൊടുംവെയിൽ
ചൊരിയുമ്പൊ,ഴുതപ്പുലക്കിടാങ്ങൾ,

അവിടെയിരുന്നു കളിപ്പതു, കാൺകി, ലേ-
തലിയാത്ത ഹൃത്തുമലിഞ്ഞുപോകും!

കരയും, ചിരിക്കു, മിടയ്ക്കിടെത്തമ്മി, ലാ-
'ക്കരുമാടിക്കുട്ടന്മാർ' മല്ലടിക്കും!

അതു കാൺകെ, പ്പൊരിവെയ്‌ലിൻ ഹൃദയത്തിൽകൂടിയു-
മലിവിൻെറ നനവൊരു നിഴൽ വിരിക്കും!

അവശന്മാരാർത്തന്മാ,രാലംബഹീനന്മാ-
രവരുടെ, സങ്കടമാരറിയാൻ?

അവരർദ്ധനഗ്നന്മാ, രാതപമഗ്നന്മാ-
രവരുടെ പട്ടിണിയെന്നു തീരാൻ?

അവരാർദ്രചിത്തന്മാ, രപഹാസപാത്രങ്ങ-
ളവരുടെ ദുരിതങ്ങളെങ്ങൊടുങ്ങാൻ?

ഇടതിങ്ങി നിറയുന്നു നിയമങ്ങൾ, നീതിക-
ളിടമില്ലവർക്കൊന്നു കാലുകുത്താൻ!

ഇടറുന്ന കഴൽവെയ്പ്പോടുഴറിക്കുതിക്കയാ-
ണിടയില്ല ലോകത്തിന്നവരെ നോക്കാൻ.

ഉമിനീരിറക്കാതപ്പാവങ്ങൾ ചാവുമ്പോ-
ളുദകക്രിയപോലും ചെയ്തിടേണ്ട.

മദമത്തവിത്തപ്രതാപമേ, നീ നിൻെറ
മദിരോത്സവങ്ങളിൽ പങ്കുകൊള്ളൂ!

പറയുന്നു മാതേവൻ: "ഈ ഞാലിപ്പൂവൻെറ
പഴമെത്ര സാദൊള്ളതായിരിക്കും!"
പരിചോടനുജൻെറ വാക്കിൽ, ചിരിവന്നു
പരിഹാസഭാവത്തിൽ തേവനോതി:-
"കൊല വരാറായി,ല്ലതിനുമുമ്പേതന്നെ
കൊതിയൻെറ നാക്കത്തു വെള്ളം വന്നു!"
പരിഭവിച്ചീടുന്നു നീലി: "അന്നച്ചന-
തരി വാങ്ങാൻ വല്ലോർക്കും വെട്ടി വിക്കും"
"കരുനാക്കുകൊണ്ടൊന്നും പറയാതെടി മൂശേട്ടേ!"
കരുവള്ളോൻ കോപിച്ചൊരാജ്ഞ നൽകി!
അതുകേ,ട്ടെഴുന്നേറ്റു ദൂരത്തു മാറിനി-
ന്നവനെയവളൊന്നു ശുണ്ഠികൂട്ടി:-
"പഴമായാ നിങ്ങളെക്കാണാണ്ടെ, സൂത്രത്തി-
പ്പകുതീം ഞാനൊറ്റയ്ക്കു കട്ടുതിന്നും!"
"അതുകാണാ,മുവ്വെടി, ചൂരപ്പഴാ നെന-
ക്കതിമോഹമേറെക്കടന്നുപോയാ!
ദുരമൂത്ത മറുതേ, നിൻ തൊടയിലെത്തൊലിയന്നി-
ക്കരുവള്ളോനുരിയണോരുരിയൽ കണ്ടോ! !...."
ഇതുവിധം, നിത്യ,മാ വാഴച്ചുവട്ടി,ല-
ക്കൊതിയസമാജം നടന്നുവന്നു.
കഴിവതും വേഗം കുലയ്ക്കണ,മെന്നുള്ളിൽ-
ക്കരുതിയിരിക്കുമാ വാഴപോലും!
അവരുടെയാഗ്രഹമത്രയ്ക്കഗാധവു-
മനുകമ്പനീയവുമായിരുന്നു!!

ഒരുദിനം വാഴ കുലച്ചതു കാരണം
തിരുവോണം വന്നൂ പുലക്കുടിലിൽ,
കലഹിക്കാൻ പോയില്ല പിന്നീടൊരിക്കലും
കരുവള്ളോൻ നീലിയോടെന്തുകൊണ്ടോ.
അവളൊരു കള്ളിയാ,ണാരുമറിഞ്ഞിടാ-
തറിയാമവൾക്കെന്തും കട്ടുതിന്നാൻ.
അതുകൊണ്ടവളോടു സേവകൂടീടുകി-
ലവനു,മതിലൊരു പങ്കുകിട്ടാം.
കരുവള്ളോൻ നീലിതൻ പ്രാണനായ്, മാതേവൻ
കഴിവതും കേളനെ പ്രീതനാക്കി,
നിഴൽ നീങ്ങി നിമിഷത്തിൽ നിറനിലാവോലുന്ന
നിലയല്ലോ നിർമ്മല ബാല്യകാലം!!
അരുമക്കിടാങ്ങൾ തന്നാനന്ദം കാൺകയാ-
ലഴകിക്കു ചിത്തം നിറഞ്ഞുപോയി.
കുലമൂത്തു വെട്ടിപ്പഴുപ്പിച്ചെടുക്കുവാൻ
മലയനുമുള്ളിൽ തിടുക്കമായി,
അവരോമൽപ്പൈതങ്ങൾക്കങ്ങനെയെങ്കിലു-
മവനൊരു സമ്മാനമേകാമല്ലോ.
അരുതവനെല്ലുനുറുങ്ങി യത്നിക്കിലു-
മരവയർക്കഞ്ഞിയവർക്കു നൽകാൻ.
ഉടയോൻെറ മേടയി, ലുണ്ണികൾ പഞ്ചാര-
ച്ചുടുപാലടയുണ്ടുറങ്ങീടുമ്പോൾ,

പകലിൻെറ കുടർമാലച്ചുടുച്ചോരത്തെളി കുടി-
ച്ചകലത്തിലമരുന്നിതന്തിമാർക്കൻ!

ഒരു മരപ്പാവപോൽ നിലകൊള്ളും മലയനി-
ല്ലൊരു തുള്ളിരക്തമക്കവിളിലെങ്ങും

അനുമാത്രം പൊള്ളുകയാണവനാത്മാവൊ-
രസഹനായാതപജ്വാലമൂലം!

അമിതസന്തുഷ്ടിയാൽ തുള്ളിക്കളിക്കയാ-
ണരുമക്കിടാങ്ങൾ തൻ ചുറ്റുമായി;

ഇലപോയി,ത്തൊലിപോയി, മുരടിച്ചൊരിലവിനെ
വലയം ചെയ്തുലയുന്ന ലതകൾപോലെ.

അവരുടെ മിന്നിവിടർന്നൊരാക്കണ്ണുക-
ളരുതവനങ്ങനെ നോക്കിനില്ക്കാൻ.

അവരുടെ കൈകൊട്ടിപ്പൊട്ടിച്ചിരിക്കൽ ക-
ണ്ടവനന്തരംഗം തകർന്നുപോയി.

കുലവെട്ടാൻ കത്തിയുയർത്തിയ കൈയുകൾ
നിലവിട്ടു വാടിത്തളർന്നുപോയി.

കരുവള്ളോൻ നീലിക്കൊരുമ്മകൊടുക്കുന്നു,
കരളിൽ തുളുമ്പും കുതൂഹലത്താൽ.

അവളറിയാതുടനസിതാധരത്തിൽ നി-
ന്നവിടെങ്ങുമുതിരുന്നു മുല്ലപ്പൂക്കൾ.

മലയൻെറ കണ്ണിൽ നിന്നിറ്റിറ്റു വീഴുന്നു,
ചിലകണ്ണീർക്കണികകൾ പൂഴിമണ്ണിൽ.

അണുപ്പോലും ചലനമറ്റമരുന്നിതവശരാ-
യരികത്തുമകലത്തും തരുനിരകൾ!

സരസമായ് മാതേവൻ കേളൻെറ തോളത്തു
വിരൽ തട്ടിത്താളം പിടിച്ചു നില്പൂ.

അണിയിട്ടിട്ടനുമാത്രം വികസിക്കും കിരണങ്ങ-
ളണിയുന്നു കേളൻെറ കടമിഴികൾ!

ഇരുൾവന്നു മൂടുന്നു മലയൻെറ കണ്മുമ്പി,-
ലിടറുന്നു കാലുക,ളെന്തുചെയ്യും?

കുതിരുന്നൂ മുന്നിലത്തിമിരവും കുരുതിയിൽ
ചതി വീശും വിഷവായു തിരയടിപ്പൂ!

അഴകി,യാ മാടത്തി,ലേങ്ങലടിച്ചടി-
ച്ചഴലുകയാ,ണതിനെന്തു ബന്ധം?.....

കുലവെട്ടി! മോഹിച്ചു, മോഹിച്ചു, ലാളിച്ച
കുതുകത്തിൻ പച്ചക്കഴുത്തു വെട്ടി!

കുലവെട്ടി! ശൈശവോല്ലാസകപോതത്തിൻ
കുളിരൊളിപ്പൂവൽക്കഴുത്തുവെട്ടി!-

തെരുതെരെക്കൈകൊട്ടിത്തുള്ളിക്കളിക്കുന്നു
പരമസന്തുഷ്ടരായ്ക്കണ്മണികൾ.

ഒരു വെറും പ്രേതംകണക്കതാ മേല്ക്കുമേൽ
മലയൻെറ വക്ത്രം വിളർത്തുപോയി!

കുല തോളിലേന്തി പ്രതിമയെപ്പോലവൻ
കുറെ നേരമങ്ങനെ നിന്നുപോയി!

അഴിമതി, യക്രമ, മത്യന്തരൂക്ഷമാ-
മപരാധം, നിശിതമാമശനിപാതം!

കളവെന്തെന്നറിയാത്ത പാവങ്ങൾ പൈതങ്ങൾ
കനിവറ്റ ലോകം, കപടലോകം!

നിസ്വാർത്ഥസേവനം, നിർദ്ദയമർദ്ദനം!
നിസ്സഹായത്വം, ഹാ, നിത്യദുഃഖം!

നിഹതനിരാശാതിമിരം ഭയങ്കരം!
നിരുപാധികോഗ്രനിയമഭാരം!

ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ
പതിതരോ, നിങ്ങൾതൻ പിന്മുറക്കാർ?.......

കുലതോളിലേന്തി പ്രതിമപോലങ്ങനെ
മലയനാ മുറ്റത്തു നിന്നുപോയി.

അരുത,വനൊച്ച പൊങ്ങുന്നതി,ല്ലക്കരം
തെരുതെരെപ്പേർത്തും തുടിപ്പുമേന്മേൽ!

ഒരുവിധം ഗദ്ഗദം ഞെക്കിഞെരുക്കിയ
കുറെയക്ഷരങ്ങൾ തെറിപ്പൂ കാറ്റിൽ:-

"കരയാതെ മക്കളേ....... കല്പിച്ചു.....തമ്പിരാൻ.......
ഒരു വാഴ വേറെ...... ഞാൻ കൊണ്ടുപോട്ടെ!"

മലയൻ നടന്നു - നടക്കുന്നു മാടത്തി-
ലലയും മുറയും നിലവിളിയും!

അവശന്മാ,രാർത്തന്മാ,രാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ?

പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും
പറയുവാനില്ലേ? - ഞാൻ പിൻവലിച്ചു!

(……..)

## 4. ഒരു താരാട്ട്

ഓമനതിങ്കൾക്കിടാവോ – നല്ല
കോമളത്താമരപ്പൂവോ
പൂവിൽ നിറഞ്ഞ മധുവോ – പരി
പൂർണ്ണേന്ദു തന്റെ നിലാവോ
പുത്തൻ പവിഴക്കൊടിയോ – ചെറു
തത്തകൾ കൊഞ്ചും മൊഴിയോ
ചാഞ്ചാടിയാടും മയിലോ– മൃദു
പഞ്ചമം പാടും കുയിലോ...
തുള്ളുമിളമാൻ കിടാവോ... ശോഭ
കൊള്ളുന്നൊരന്നക്കൊടിയോ
ഈശ്വരൻ തന്ന നിധിയോ..
പരമേശ്വരിയേന്തും കിളിയോ... **(ഇരയിമ്മൻ തമ്പി)**

## 5. ഗാന്ധി

തനിയേ നടന്നു നീ പോവുക
തളർന്നാലുമരുതേ പരാശ്രയവുമിളവും
അനുഗാമിയില്ലാത്ത പഥികൻ
തുടർന്നാലുമിടറാതെ നിൻ ധീരഗാനം
പൈതങ്ങൾ പാടുന്നു രാജഘട്ടത്തിലെ
പിടയുമീ അഗ്നിക്കു മുന്നിൽ
വെടികൊണ്ട പക്ഷിയൊന്നെവിടെയോ പതറുന്ന-

ചിറകൊച്ചയിഴയുന്നു വിണ്ണിൽ
രാംധുന്‍ കഴിഞ്ഞു ശ്രുതിയും തീർന്നു ഗായകർ
നാണയം വാങ്ങിപ്പിരിഞ്ഞുപോയി
നായകൻ പൂവിട്ടുഭജനം കഴിച്ചു

വേഗം കരിമ്പൂച്ചകൾക്കൊപ്പമങ്ങെപ്പോഴേ യാത്രയായി...

ഒരു ഭ്രാന്തനേതോ ദരിദ്രരുദ്രൻ മാത്രം

എരിയുന്ന കാറ്റായ് വലത്തുവച്ചും

മൗന വചനക്കടൽ പോലുറഞ്ഞും

ശമിക്കാത്ത കദനമായ്പ്പെയ്തും

നടക്കയാണിപ്പൊഴും... **(പി മധുസൂദനൻ)**

## 6. കൃഷ്ണപക്ഷത്തിലെ പാട്ട്

ഞങ്ങളുടെ കണ്ണനെയുമപഹരിച്ചൂ നിങ്ങൾ
ഞങ്ങളുടെ സർവസ്സ്വമപഹരിച്ചു
ചുട്ടെരിച്ചൂ നിങ്ങൾ ഗോകുലം
ഞങ്ങളുടെ പൈക്കളെയുമാട്ടിത്തെളിച്ചൂ
ഉപ്പുതൊട്ടുറിയിലെ ചെറുമൺകലങ്ങൾവരെ
ഒക്കെയും വന്നപഹരിച്ചു
ഞങ്ങളുടെ കണ്ണിലെ കൃഷ്ണമണിയായവനെ
ഞങ്ങൾക്കൊരുണ്ണിയു മുടയോനുമായവനെ
ഞങ്ങളിലെയുൺമയും ആരുയിരുമായവനേ
ഞങ്ങളുടെ കണ്ണനെയുമപഹരിച്ചൂ
ഞങ്ങളുടെ സർവസ്വമപഹരിച്ചൂ **(ഒ.എൻ.വി.)**

## 7. താടകയെന്ന ദ്രാവിഡ രാജകുമാരി

വിന്ധ്യശൈലത്തിന്റെ താഴ്‌വരയിൽ
നിശാഗന്ധികൾ മൊട്ടിടും ഫാൽഗുന സന്ധ്യയിൽ
പാർവതീ പൂജയ്ക്കു പൂനുള്ളുവാൻ വന്ന
ദ്രാവിഡരാജകുമാരിയാം താടക
താമരച്ചോലകൾക്കക്കരെ
ഭാർഗ്ഗവ രാമൻ തെളിച്ചിട്ട സഞ്ചാര വീഥിയിൽ

കണ്ടു ശ്രീരാമനെ ഏതോ തപോധനൻ
കൊണ്ടു നടക്കുന്ന കാമസ്വരൂപനെ
സ്ത്രീഹൃദയത്തിനുന്മാദമുണർത്തുവാ-
മോഹന ഗോപാംഗ ഭംഗിനുകരവേ
കണ്ണെടുക്കാതൊരഭൗമരോമാഞ്ചമായ് നിന്നാൾ
സലജ്ജംസകാമം സവിസ്മയം... **(വയലാർ)**

## 8. <u>വീണപൂവ്</u>

ഹാ! - പുഷ്പമേ അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ-ഭൂവിലസ്ഥിര-അസംശയം-ഇന്നു നിന്റെ
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പതോർത്താൽ
ലാളിച്ചുപെറ്റ ലതയൻപൊടുശൈശവത്തിൽ
പാലിച്ചുപല്ലവ പുടങ്ങളിൽ വച്ചുനിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദല മർമ്മരങ്ങൾ
പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിടുമാടലെന്യേ
നീ ലീല പൂണ്ടിളയമൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ
ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി-
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്ത്വവുമയേ, തെളിവാർന്നതാരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചുരാവിൽ **(കുമാരനാശാൻ)**

## 9. <u>സൂര്യകാന്തി</u>

മന്ദ മന്ദ മെൻ താഴും
    മുഗ്ദ്ധമാം മുഖം പൊക്കി-
സ്സുന്ദര ദിവാകരൻ
    ചോദിച്ചു മധുരമായ്
"ആരു നീയനുജത്തീ ?
    നിർന്നിമേഷമായെന്തെൻ
തേരു പോകവേ നേരേ
    നോക്കിനിൽക്കുന്നൂ ദൂരേ ?
സൗമ്യമായ് പിന്നെപ്പിന്നെ
    വിടരും സ്നിഗ്ദ്ധക്കണ്ണാൽ
രമ്യമായ് വീക്ഷിക്കുന്നൂ
    തിരിഞ്ഞു തിരിഞ്ഞെന്നെ;
വല്ലതും പറയുവാ-
    നാഗ്രഹിക്കുന്നുണ്ടാവാ-
മില്ലയോ ? തെറ്റാണൂഹ-
മെങ്കിൽ, ഞാൻ ചോദിച്ചീലാ"        **(ജി ശങ്കരകുറുപ്പ്)**

## 10. <u>തോണിയാത്ര</u>

തിരിക്കയായ്സന്ധ്യ; വഴിക്കിടക്ക
വിരിച്ചു ഞാൻ കേറിയ തോണിതാനും
സ്ഫുരിക്കുമോളങ്ങൾ മുറിച്ചുകൊണ്ട-
സ്സരിത്തിലൂടെ ഗമനം തുടങ്ങി,
അങ്ങോട്ടുമിങ്ങോട്ടുമിരുട്ടിലോരോ
കേവഞ്ചിയസ്സിന്ധുവിലെന്ന പോലെ;
അവ്യക്തമായിട്ടു കടന്നുപോയ്ക്കൊ-
ണ്ടിരുന്നു നാനാനിനവെന്മനസ്സിൽ
നിറഞ്ഞിടട്ടേ തരണി പ്രജത്താൽ;
നിശ്ശൂന്യമാകട്ടെ നിജപ്രദേശം;

രണ്ടും ഗണിക്കാതെ ഗമിച്ചു മുന്നോ-
ട്ടസംഗപോലാ നദി ശാന്തവൃത്ത്യം
സന്നാഹിയായ് ക്കേറിയ കൂരിരുട്ടാൽ
മന്നാകെ യാച്ഛാദിതമായ്ച്ചമഞ്ഞു,
സന്നാഭമാം സ്വന്തവിളക്കുമായി
മിന്നാമിനുങ്ങിൻ നിര സഞ്ചരിച്ചു. **(വള്ളത്തോൾ)**

## 11. <u>കാളിദാസൻ</u>

വിസ്മയമാകവേ, വിശ്വമഹാകവേ,
വിഖ്യാതികൊണ്ടു ജയക്കൊടിനാട്ടി നീ
ആഗമിക്കുന്നു ഹാ ജയക്കൊടിനാട്ടി നീ
ആഗമിക്കുന്നു ഹാ നിൻ കാല്ക്കലിപ്പോഴും
ലോകപ്രതിഭതൻ കൂപ്പുകൈമൊട്ടുകൾ
നിന്നുദയത്തിനുശേഷം ശതാബ്ദങ്ങ-
ളോന്നല്ലാനേകം കഴിഞ്ഞു പോയെങ്കിലും
നിത്യസ്മൃതിയുടെ ചക്രവാളാന്തത്തിൽ
നിൽക്കുന്നു വാടാത്ത നക്ഷത്രമായി നീ !
നിന്നെയോർത്തോർത്തുള്ള ഭിമാനപൂർത്തിയീ-
ലിന്നും തുടിക്കുന്നു ഭാരതത്തിൻ മനം
വിണ്ണിങ്ങലപ്സര സ്ത്രീകൾ പൂവിട്ടൊര-
സ്വർണ്ണ സിംഹാസനത്തിങ്കൽ സകൗതുരം
മേവി,സ്സമരാദ്ധ്യമാകുമൊരേകാന്ത-
ദേവസദസ്സിന്നലങ്കരിക്കുന്നു നീ!
വാരിവിതറുന്നു നിൻ മൗലിയിൽ സ്വർഗ്ഗ-
വാരാംഗനകൾ നല്കലപകപ്പൂവുകൾ !
നിൽക്കുന്നു നിന്നരികത്തു, നീലാളിച്ചു
നിത്യതാരുണ്യം കൊടുത്ത ശകുന്തള!
ചാമികരണത്തിൽ പിടിയിട്ട നല്ലവെൺ-
ചാമരത്താൽ നിന്നെ വീശുന്നിതുർവ്വശി! **(ചങ്ങമ്പുഴ)**

## 12. മദിരാശിയിൽ ഒരു സായാഹ്നം

നിന്നെപ്രതീക്ഷിച്ചു ഹോസ്റ്റലിൻ വാതിൽക്ക-
ലന്നു ഞാനോമനേ, വന്നു നിന്നീടവേ,
കാൽനടപ്പാതയരികിൽ,ത്തണലത്തു
കണ്ടുകിഴവനൊരുവൻ കിടപ്പതായ്
കീറയുടുതുണിയൂർന്നുപോയ്ക്കാണായി
തേറെയാഭാസമായാളുടെ നഗ്നത
ചാകാനടുത്തപോൽ ശ്വാസം വലിക്കുന്നു,
ഭീകരംമുട്ടി ഞരങ്ങുന്നുമുണ്ടയാൾ
കണ്ടുവെന്നാലും,മയാളെ ഞാൻ ശ്രദ്ധിച്ചു
കണ്ടീല; തിന്നിങ്ങുവന്നതെന്നാകിലോ
അത്രയ്ക്കുനിഷ്കർഷയായുടുപ്പിട്ടതു
മത്രമേൽ ഭംഗിയിൽപ്പൗഡറണിഞ്ഞതും
അത്രനന്നായ്ത്തല ചീകിയതും
ഹൃദ്യമാം കൈലേസ്സെടുത്തതും
നിന്നു ഞാനെന്നെ നിരീക്ഷിച്ചു; ഹാ നന്നു-
നന്നെൻ മനോഹരയൗവ്വനം വിഗ്രഹം !
ടuീസുകൊണ്ടാണെന്റെ കാലുറ, കുപ്പായ-
മീടെഴും പോപ്ലിൻ തുന്നികൊണ്ടുതയ്ച്ചുതാം. **(എൻ.വി. കൃഷ്ണവാരിയർ)**

## 13. ഓർക്കുക വല്ലപ്പോഴും

യാത്രയാക്കുന്നൂ സഖി,
    നിന്നെഞാൻ മൗനത്തിന്റെ
നേർത്ത പട്ടുനൂൽപൊട്ടി-
    ച്ചിതറും പദങ്ങളാൽ!
കരയാനുഴറിടും
    കണ്ണുകൾ താഴ്ത്തിക്കൊണ്ടു
വരനോടൊപ്പം നീയാ-

വണ്ടിയിലിരിക്കുമ്പോൾ-
വാക്കിനു വിലപ്പിടി-
പ്പേറുമിസ്സന്ദർഭത്തിൽ
ഓർക്കുക വല്ലപ്പോഴും-
മെന്നല്ലാതെന്തോതും ഞാൻ
യാത്രയ്ക്കു തിടുക്കുന്നൂ
തീവണ്ടി; തൻവെൺപുക-
ച്ചാർത്തി നാൽപ്പത
തുപ്പിയുരുക്കിൻ കുതിരകൾ.
മുട്ടുന്നൂ മണിയൊന്നു
ദൂരവേ മണിക്കൂറിൽ
ഞെട്ടുമ്പോൾത്തകർന്നുപോം
നിമിഷത്തിരപോലെ.. **(പി. ഭാസ്കരന്റെ തെരഞ്ഞെടുത്ത കവിതകൾ)**

## 14. <u>കേരളം വളരുന്നു</u> (സമാഹാരം)

കേരളം വളരുന്നു
പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നുചെ-
ന്നന്യമാം രാജ്യങ്ങളിൽ
അറബിക്കടലിനും
തൻതിരക്കൈകൊണ്ടതി-
ന്നതിരിട്ടൊതുക്കുവാ-
നായതില്ലിന്നോളവും
അറിവും സംസ്കാരവും
മേൽക്കുമേലൊഴുക്കുന്നോ-
രുറവിൻ നികേതമാ-
ണിസ്ഥലം പുരാതനം
ഇവിടെപ്പിറക്കുന്ന
കാട്ടുപുല്ലിലുമുണ്ടു

ഭുവനം മയക്കുന്ന

ചന്തവും സുഗന്ധവും

ഇവിടെ കിടക്കുന്ന

കാട്ടുകല്ലിലുമുണ്ടു

വിവിധ സനാതന

ചൈതന്യപ്രതീകങ്ങൾ **(പാലാനാരായണൻ നമ്പൂതിരി)**

## 15. <u>നാമമാത്രമായ പ്രേമം</u> -(മുറിവേറ്റ ശീർഷകങ്ങൾ - സമൂഹം)

ബുൾഡോസർ വന്ന ദിവസമാണ്

നമ്മൾ വേർപിരിഞ്ഞത്

പ്രേമത്തെയും

സ്വപ്നങ്ങളുടെ വിത്തുകൾ പാകിയ

പാടങ്ങളെയും തകർത്തുകൊണ്ട്

കുരവകളുയർത്തിയ

കുടിലുകളുടെ നെഞ്ചിലൂടെ

നന്മകൾ നിറഞ്ഞ

ഗ്രാമത്തിന്റെ ഞരമ്പുകളിലൂട

കാമരൂപിയായ നഗരം നിർമ്മിക്കുവാൻ

പ്രേമബദ്ധരുടെ നടുവിലൂടെ

ബുൾഡോസർ വന്നുപോയ ദിവസം

ആടും മയിൽക്കാടുകളെ

പാടും മുളങ്കാടുകളെ

പാടേ തകർത്ത്

ബുൾഡോസർ വന്നുപോയ ദിവസം

ചതഞ്ഞു നുറുങ്ങി

മുള്ളുകളായ്ത്തീർന്ന ഗ്രാമം

ചരണങ്ങളെപ്പിടിച്ചു നിർത്തിയ ദിവസം

## 16. രാധയെവിടെ

ഒരു താമരമലർകൂടി, യിരുണ്ടു
ചുവന്നോരിതളുകൾ പാതിവിരിഞ്ഞൊരു
പുലരിത്താമരമലരും കൂടി
വിളിച്ചുകരഞ്ഞിട്ടർച്ചിക്കുന്നേൻ
നീലവിശാലഗഭീരം ഗഗനം,
ചൂഴെവസന്തോല്ലസിതം വിപിനം,
താവെയിരുട്ടും നോവും ചുഴലും
ജീവിതഗർത്തഗഭീരാവർത്തം
ഇനിവയ്യെന്നുടയോനേ! തുമ്പി
ക്കരമിതിലെത്തുവതോളം പൂക്കൾ
നിറഞ്ഞ മനസ്സോടഴലൊടുനിന്നെ

വിളിച്ചർച്ചിച്ചേ നിന്നലെയോളം
ഒരുതാമരമലർ കൂടിപ്പുലരിയി
ലരികെത്തന്നെ വിരിഞ്ഞൂ, നിണവും
മിഴിനീരും പാഴ്ച്ചെളിയും ചേർന്നു
കലങ്ങിയിരുണ്ടു കഴിഞ്ഞ ജലത്തിൽ
താരിതുമ മാമകഹൃദയം, വീണിതു
ചേരട്ടേ നിൻ തൃച്ചേവടിയിൽ
പാപശിലാകൂടത്തിനുമുയിരാം
കാരുണ്യത്തിൻ തൃച്ചേവടിയിൽ **(സുഗതകുമാരി )**

## 17. <u>പുതിയ ദിശകൾ</u> - എഴുത്തച്ഛനെഴുതുമ്പോൾ

എഴുത്തച്ഛനെഴുതുമ്പോൾ
സംഭവിപ്പതെന്തെന്നു ഞാനറിയുന്നു:
പറക്കുന്നൂകുതിരക-
ളെഴുത്താണിത്തുമ്പിലൂടെ
പൊളിക്കുന്നൂ കുളമ്പടി

പനയോലത്തടിപ്പാലം
പനയോലയ്ക്കുള്ളിൽ പച്ച
ത്തഴപ്പാർന്ന സ്മരണക-
ളുണങ്ങിയ ഞരമ്പിന്റെ
ജഡത്തിൽ നിന്നുണരുന്നു
പനയോലക്കാമ്പിൽ ദശ-
രഥവ്യഥപതയുന്നു
മിഥിലയിലൊരുവില്ലു
തകരുന്നു, കൈകേയിക്കു
വ്രണം വന്നു പഴുക്കുന്നു
പനയോലക്കണ്ണിൽ പഞ്ച-
വടികൾ നിന്നുലയുന്നു
പനയോല
പതറുന്നു. **(സച്ചിദാനന്ദൻ)**

## 18. <u>കടൽകാക്കകൾ</u>

കൃഷ്ണാഷ്ടമി
നല്ലൊരു നീതിമാനാണേ സാക്ഷാൽ
ദില്ലിയിൽ വാഴുമീ "ഷാഹൻഷാ"
തെണ്ടിനടപ്പതിനങ്ങോരെന്നെ-
ക്കൊണ്ടു തുറുങ്കിനകത്താക്കി
ചെറ്റും പോംവഴിയില്ലാത്തോർക്കിഹ
കൊറ്റുംപായും സൗജന്യം !
കൂടിയ പുള്ളികളാണാജയിലിൽ
കൂടിയ തൊറ്റമുറിക്കുള്ളിൽ
കെട്ടിയ പെണ്ണിൻ നാവാൽ സൈ്വരം
കെട്ടു നഗരിയിൽ വന്നെത്തി
ഒട്ടു പകലിലിരന്നും, രാവിൽ
കട്ടു, മലഞ്ഞിടുമീ ഞാനും,

ഗുസ്തിയിൽ തോറ്റുതോറ്റാരോടും കല-
ഹത്തിനു നിൽക്കും രാംസിംഗും
'കൊത്തുവാൾ"ച്ചേരികൾ തോറും മാനം
വിറ്റു നടക്കും "മീനായ്,
ചൂതുകളിക്കാരോടിടകൂടി
ച്ചുറ്റും പയ്യൻ രാജീവും. **(വൈലോപ്പിള്ളി)**

## 19. <u>നഷ്ടം</u>

പ്ലമേനമ്മായിയുടെ വീട്ടുമുറ്റത്തു നിന്നാണ്
ഞാൻ കാൽപന്തുകളിയുടെ ബാലപാഠങ്ങൾ പഠിച്ചത്
അവരുടെ മുറ്റുത്തും പറമ്പിലും
ധാരാളം കടച്ചക്കകൾ വീണുകിടക്കും,
അങ്ങാടിയിൽ കൊണ്ടുപോയി വിൽക്കുന്ന പതിവില്ല.
പഴുത്ത കടച്ചക്കയ്ക്ക് അല്പം പതുപതുപ്പുണ്ടാകും;
ചുട്ടു തിന്നാൻ ജോറാണ് !
തീറ്റ മടുത്തപ്പോഴാണ്
അതുകൊണ്ട് പന്തുകളിക്കാമെന്ന് കണ്ടെത്തിയത് !
കളി മടുത്തില്ല,
അങ്ങനെ ഞാൻ വലിയൊരു കളിക്കാരനായി !
ഏഴിൽ പഠിക്കുമ്പോൾ
അഞ്ചടിക്കാരുടെ തുണിപ്പന്തുകളി മത്സരത്തിൽ
പങ്കെടുക്കുന്ന നാട്ടിലെ ഒരു പ്രമുഖടീം
എന്നെത്തേടി വന്നു
അവരുടെ പക്ഷത്ത് ഞാൻ കളിക്കണം!
അഞ്ചു രൂപ പ്രതിഫലം !
ആദ്യമായി ആരെങ്കിലും തേടിവരികയാണ് !
എന്നെക്കൊണ്ട് ചിലതിനുകൊള്ളും എന്ന്
ചിലരെങ്കിലും മനസ്സിലാക്കുകയാണ് !
പക്ഷെ അപ്പച്ചനുമനസ്സിലായില്ല !
അതുകൊണ്ട് അപ്പച്ചൻ സമ്മതിച്ചില്ല **(പ്ലമേനമ്മായി - കെ.ആർ.ടോണി )**

## 20. ഇടശ്ശേരിയുടെ കവിതകൾ

ഇരുപത്തിമൂന്നോളം ലക്ഷമിപ്പോൾ-
ച്ചെലവാക്കി നിർമ്മിച്ച പാലത്തിൻമേൽ
അഭിമാനപൂർവ്വം ഞാനേറിനില്പാ-
ണടിയിലെ ശ്ശോഷിച്ച പേരാർ നോക്കി
പൂഴിമണലതിൽപ്പണ്ടിരുന്നു
പൂത്താങ്കോലേറെക്കളിച്ചതല്ലേ ?
കുളിരോലു മോളത്തിൽ മുങ്ങി മുങ്ങി-
ക്കുളിയും ജപവും കഴിച്ചതല്ലേ ?
പൊന്മയും കുരുവിയും കൊക്കുമന്നു
പൊങ്ങിപ്പറന്ന വിതാനത്തിങ്കൽ
അഭിമാന പൂർവ്വം ഞാനേറി നില്പാ-
ണടിയിലെ പ്പേരാറുനോക്കി നോക്കി
ആടപത്തോടിവൾ പേമഴയി-
ലാകെത്തടം കുത്തിപ്പാഞ്ഞുനിന്നു,
ഒരുതോണിപോലും വിലങ്ങിടാതെ
ഗരുഡനും മേലെപ്പറന്നിടാതെ,
ഇനിയും നിളേ നീയിരച്ചുപൊന്തും,
ഇനിയും തടം തല്ലിപ്പാഞ്ഞണയും,
ചിരിവരുന്നുണ്ടതു ചിന്തിയ്ക്കുമ്പോ-
ളിനി നിയ്യിപ്പാലത്തിൻ നാട്ടനൂഴും ! **(കുറ്റിപ്പുറംപാലം)**

## 21. ആസ്സാം പണിക്കാർ

ജനിച്ച നാടുവിട്ട,കലെയാസ്സാമിൽ
പണിക്കു പോകുന്ന പരിക്ഷകൾ ഞങ്ങൾ
കുതിച്ചു തീവണ്ടി കിതച്ചു പായുന്നു
കുതുകാൽച്ചിന്തകൾ കുതിക്കുന്നു മുമ്പേ
തിരയടിക്കും താഴ്‌വരയും പാടവും
കുറിയ മാവുകൾ തൊടുത്ത പാതയും

തിരക്കിടും തെങ്ങുകവുങ്ങുകൾ പച്ച-
ക്കറുപ്പു പൂശുന്ന പുരയിടങ്ങളും
പതഞ്ഞൊഴുകുന്ന നദങ്ങളും ജന-
പദങ്ങളും ഗൃഹശതങ്ങളുമെല്ലാം
കലങ്ങിയും ചുറ്റിക്കറങ്ങിയും വഴി
വിലങ്ങിയും നിന്നാൽ കുലുങ്ങുമോ ഞങ്ങൾ ? **(വൈലോപ്പിള്ളി)**

## 22. <u>കോഴി</u>

തള്ളക്കോഴി പറഞ്ഞു തുടങ്ങീ;
കൊക്കോ കൊക്കക്കോ....
കൊക്കിനുള്ളിലുടക്കിയതെന്തേ ?
കൊത്തി വിഴുങ്ങിയ മുള്ളോ ?
ഉള്ളിലുണങ്ങാത്ത നോവിന്റെ കണ്ണിൽ
ഊറിയ നീറും നീരോ ?
കൊത്തിച്ചിക്കിച്ചികഞ്ഞിട്ട കൊറ്റിൽ
കൊത്തിത്തുള്ളി നടക്കുന്ന കുഞ്ഞിനു
തള്ളക്കോഴി പറഞ്ഞുകൊടുത്തു
കൊക്കോ കൊക്കക്കോ...
താളം തുള്ളുന്ന കുഞ്ഞിനും തെറ്റീ
താളം, അമ്മതൻ ഗദ്ഗദം കാൺകെ
കുഞ്ഞേ തുള്ളാൻ സമയമില്ലിപ്പോൾ
കാഞ്ഞവെയിലത്തു കാലുപൊള്ളുമ്പോൾ
എന്നുമെന്റെ ചിറകിന്റെ കീഴിൽ
നിന്നു നിന്റെ വയറു നിറയ്ക്കാ-
മെന്നു തോന്നുന്ന തോന്നലുവേണ്ട **(കടമ്മനിട്ട)**